പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3823 12/12/2018-ൽ മറുപടിക്ക്

യോഗ്യതയിൽ പി.എസ്.സി. വരുത്തിയ മാറ്റം

**ചോദ്യം**

ശ്രീ. പി. ഉബൈദുള്ള:

(എ) നോട്ടിഫിക്കേഷനിൽ നിന്നും വ്യത്യസ്തമായി ഹൈസ്കൂൾ അസിസ്റ്റന്റ് (ഫിസിക്കൽ സയൻസ്) തസ്തികയുടെ യോഗ്യതയിൽ പി.എസ്.സി. വരുത്തിയ മാറ്റം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) മറ്റു വിഷയങ്ങൾക്കില്ലാത്ത സബ്സിഡിയറി യോഗ്യത മാനദണ്ഡം ഫിസിക്കൽ സയൻസ് വിദ്യാർത്ഥികൾക്ക് മാത്രം ബാധകമാക്കിയതിന് പി.എസ്.സി. നൽകുന്ന വിശദീകരണം എന്താണ്;

(സി) സബ്സിഡിയറി വിഷയം നോക്കാതെ തന്നെ ഫിസിക്കൽ സയൻസ് വിദ്യാർത്ഥികൾക്ക് എച്ച്.എസ്.എ. തസ്തികയിൽ നിയമനം നൽകുന്നതിനും പി.എസ്.സി. യുടെ തീരുമാനം പുന:പരിശോധിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

**ഉത്തരം**

പിണറായി വിജയൻ

(മുഖ്യമന്ത്രി)

(എ) യും (ബി) യും പി.എസ്.സി. നടത്തിയ എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് പരീക്ഷയുടെ വിജ്ഞാപന പ്രകാരമുള്ള യോഗ്യത ചുവടെ ചേർക്കുന്നു.

A Degree in the concerned subject and B.Ed/BT in the concerned subject conferred or recognised by the Universities in Kerala. The applicant should have taken Physics/ Chemistry an main subject for graduation. Degree in Geology (Main) with Physics and Chemistry as subsidiary subject with B.Ed Degree (Physical Science) can also be considered as an alternative qualification and the candidates who have acquired B.Sc Ed in Physics, Chemistry, Mathematics stream conducted by the Regional Institute of Education, Mysore of NCERT are also eligible to apply for the post.

എന്നാൽ ബഹു. KAT ന്റെ അന്തിമ ഉത്തരവ് പ്രകാരമാണ് എച്ച്.എസ്.എ. (ഫിസിക്കൽ സയൻസ്) തസ്തികയിലേക്ക് ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങൾ മെയിനായോ സബ്സിഡിയറിയായോ പഠിച്ചിരിക്കണമെന്ന് നിർബന്ധമാക്കിയിട്ടുള്ളത്

(സി) എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് തസ്തികയിൽ സബ്സിഡയറി വിഷയങ്ങളുടെ പേരിൽ നിയമനം ലഭിക്കാത്തതിനെ തുടർന്ന് നിരവധി ഉദ്യോഗാർത്ഥികൾ സർക്കാരിൽ പരാതിപെടുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ബിരുദ തലത്തിൽ സബ്സിഡിയറി വിഷയങ്ങൾ പരിഗണിക്കണോ അതോ ഫിസിക്സ് കെമിസ്ട്രി എന്നീ വിഷയങ്ങളിലൊന്ന് ബിരുദ തലത്തിൽ മുഖ്യവിഷയമായോ മറ്റേത് സബ്സിഡയറി വിഷയമായോ

പഠനം പൂർത്തിയാക്കിയവരെ മാത്രം എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് തസ്തികയിലേയ്ക്ക് പരിഗണിച്ചാൽ മതിയോ എന്ന വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്.

സെക്ഷൻ ഓഫീസർ